# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 964** — **12/12/2012-ലെ മറുപടിയ്ക്ക്**

## അവിവാഹിതരായ സ്ത്രീകൾക്ക് സ്വയംതൊഴിൽ സംരംഭം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.എ. അസീസ്. | | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അവിവാഹിതരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്കായി ധന സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ: വിശദാംശം നൽകുമോ: | | (എ) ഉണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പു മുഖാന്തിരം 2010-11 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ശരണ്യാ സ്വയംതൊഴിൽ പദ്ധതിയിൻ 30 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കായിധനസഹായം നൽകുന്നു. |
| (ബി) ഈ പദ്ധതിപ്രകാരം എന്തു തുകയാണ് സബ്സിഡിയായി നൽകുന്നത്; | (ബി) | ശരണ്യാ പദ്ധതി പ്രകാരം സ്വയം തൊഴിൽ ആരംഭിക്കുന്നതിന് 50,000/- രൂപവരെ പലിശരഹിതവായ്പ അനുവദിക്കുന്നു. വായ്പാതുകയുടെ 50% (പരമാവധി 25,000/-രൂപ) സബ്സിഡിയായി നൽകുന്നു. |
| (സി) യോഗ്യതാമാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; | (സി) | a)കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവിധവകൾ, നിയമാനുസൃത വിവാഹബന്ധം വേർപ്പെടുത്തിയവർ, ഭർത്താവ് ഉപേക്ഷിക്കുകയോ/ ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നിവർക്ക് ശരണ്യ പദ്ധതി പ്രകാരം സ്വയം തൊഴിൽസംരംഭങ്ങൾക്കായി ധന സഹായത്തിന് അപേക്ഷിക്കാവുന്നതാണ്. |

b) അപേക്ഷകയുടെ പ്രായം 18 വയസ്സിനും 55 വയസ്സിനും മദ്ധ്യേ ആയിരിക്കണം. (അവിവാഹിതകൾക്ക് 30 വയസ്സ് കഴിഞ്ഞിരിക്കണം.)

c) വാർഷിക കുടുംബവരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല

(ഡി) ഏതൊക്കെ സ്വയം തൊഴിൽ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ഡി) സ്ത്രീകൾക്ക് വിജയകരമായി ചെയ്യുവാൻകഴിയുന്ന എല്ലാ ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങളും (പരമാവധി 50,000/- രൂപയ്ക്ക് ആരംഭിക്കുന്നതായിരിക്കണം). ഈ പദ്ധതി പ്രകാരം ആരംഭിക്കാവുന്നതാണ്. പശു/ആട്/കോഴി/തേനീച്ച/ മുയൽ/കാട മുതലായവ വളർത്തൽ സോപ്പ്/ഡിറ്റർജന്റ്/കുട/നോട്ട്ബുക്ക്/ ബാഗ്/കരകൗശലവസ്തുക്കൾ/പേപ്പർ ഉൽപ്പന്നങ്ങൾ/അച്ചാർ/ചിപ്പ്സ്/നാടൻ പലഹാരം മുതലായവയുടെ നിർമ്മാണം. ബ്യൂട്ടിപാർലർ/തയ്യൽകട/ സ്റ്റേഷനറി/പെറ്റ്ഷോപ്പ്/ഡി.റ്റി.പി. സെന്റർ/ ഇന്റർനെറ്റ് കഫേ /കാറ്ററിംഗ് /ലാബറട്ടറി/ ഇളനീർ പാർലർ തുടങ്ങിയ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. മേൽപ്പറഞ്ഞവ കൂടാതെ പ്രാദേശിക സ്ഥിതിയെ അടിസ്ഥാനപ്പെടുത്തിയുള്ള സ്വയംതൊഴിൽസംരംഭങ്ങളും ആവിഷ്ക്കരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ